**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നം. 107**

**03 .12.2015-ൽ**
**മറുപടിയ്ക്ക്**

## 'വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സർക്കാർ ഭൂമി'

**ചോദ്യം**
ശ്രീ. പി. ബി. അബ്ദുൾ റസാക്
ശ്രീ. കെ. എൻ . എ. ഖാദർ
ശ്രീ. സി. മമ്മൂട്ടി
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്ത് സർക്കാരിൻെറ അധീനതയിലെ പൊതു ഭൂമി ഏതൊക്കെ വകുപ്പുകളുടെ നിയന്ത്രണത്തിലാണ് നില നിർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) സർക്കാരിൻെറ അധീനതയിലുള്ള പൊതുഭൂമി, റവന്യൂ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, പൊതുമരാമത്ത്, ജലസേചനം, വിദ്യാഭ്യാസം, ആരോഗ്യം, വനം, കെ. എസ്. ഇ. ബി, റയിൽവേ തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളതാണ്. എങ്കിലും സർക്കാർ ഭൂമിയെ സംബന്ധിച്ചുള്ള ആധികാരിക അവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. വിവിധ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്നത് റവന്യൂ വകുപ്പിൻെറ അറിവോടെയാണ്.

(ബി) ഇതു സംബന്ധിച്ച വിവരങ്ങൾ റവന്യൂ വകുപ്പ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എല്ലാ വില്ലേജ് ഓഫീസുകളിലും സൂക്ഷിച്ചിരിക്കുന്ന പുറമ്പോക്ക് രജിസ്റ്ററിൽ സർക്കാരിൻെറ പുറമ്പോക്കുകളുടെ സർവ്വേ നമ്പരും അത് ഏത് വകുപ്പിൻെറ അധീനതയിലുള്ളതാണെന്നും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

(സി) വിവിധ വകുപ്പുകൾ തമ്മിൽ സർക്കാർ ഭൂമിയുടെ കാര്യത്തിൽ തർക്കങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വകാര്യ സ്ഥാപനങ്ങളും ഉടമകളും അനധികൃതമായി ആയിരക്കണക്കിനേക്കർ പൊതു ഭൂമി കൈവശം വെച്ചിട്ടുള്ളതായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഓരോ വില്ലേജിലെയും പൊതു ഭൂമി സർവ്വേ നമ്പർ, വിസ്തൃതി, കൈവശച്ചുമതലയുള്ള സർക്കാർ വകുപ്പ് എന്നിവ അടയാളപ്പെടുത്തിയ സർവ്വേ റിക്കാർഡ് തയ്യാറാക്കി ഓരോ വില്ലേജ് ഓഫീസിലും പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

(സി) മിച്ചഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ വനം വകുപ്പുമായി തർക്കങ്ങൾ നിലവിലുണ്ട്. ആയത് പരിഹരിക്കുന്നതിനായി സംയുക്ത സർവ്വേ നടത്തി വരുന്നുണ്ട്. തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതിന് ജില്ലാ തലത്തിലും സർക്കാർ തലത്തിലും നടപടി സ്വീകരിക്കുന്നുണ്ട്. പൊതുഭൂമി സംബന്ധിച്ച വിവരങ്ങൾ അതാത് വില്ലേജ്/ താലൂക്ക് ഓഫീസുകളിലെ റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളുടെ കൈവശമുള്ള പൊതുഭൂമി സംബന്ധിച്ചുള്ള റിക്കാർഡുകൾ വില്ലേജ് ഓഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് പ്രത്യേകിച്ച് സംവിധാനങ്ങൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ